പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4418

27.06.2013 ൽ മറുപടിക്ക്

**പാചകവാതക വിതരണത്തിന് ഏജൻസികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി; | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പാചകവാതക വിതരണ ഏജൻസികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) പാചകവാതക വിതരണ ഏജൻസികൾ അനുവദിക്കുന്നത് കേന്ദ്ര സർക്കാരിന്റെ 2012 ഡിസംബറിലെ റെഗുലർ എൽ.പി.ജി. ഡിസ്ട്രിബ്യൂട്ടേഴ്സിനെ തെരഞ്ഞെടുക്കുവാനുള്ള മാനദണ്ഡങ്ങൾ പ്രകാരവും RGGLV ഏജൻസികൾ അനുവദിക്കുന്നത് 2013 ഏപ്രിൽ മാസത്തിലെ രാജീവ് ഗാന്ധി ഗ്രാമീൺ എൽ.പി.ജി. ഡിസ്ട്രിബ്യുട്ടേഴ്സിനെ തെരഞ്ഞെടുക്കുവാനുള്ള മാനദണ്ഡങ്ങൾപ്രകാരവുമാണ്. കൂടാതെ കേരളത്തിൽ എൽ.പി.ജി. ഗോഡൗണുകളുടെ സ്ഥലത്തിന്റെ വിസ്തീർണ്ണം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.12.2009 ലെ സ.ഉ.(കൈ) നം.249/ 2009/എൽ.എസ്.ജി.ഡി.പ്രകാരവും, കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് 1999 പ്രകാരവുമുള്ള നിബന്ധനകൾ നിലവിലുണ്ട്. |
| (ബി) പാചക വാതക വിതരണത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തുന്നതിന് കൈക്കൊള്ളുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) റേഷനിംഗ് ഇൻസ്പെക്ടർമാർ, താലൂക്ക്/ ജില്ലാ സപ്ലൈ ആഫീസർമാർ എന്നിവർ ഗ്യാസ് ഏജൻസികളിൽ മിന്നൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ വകുപ്പുതലത്തിൽ അപ്രതീക്ഷിത റെയ്ഡുകൾ നടത്തിയും പാചക വാതക വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ എണ്ണ |

കമ്പനി ഉദ്യോഗസ്ഥന്മാർ ഗ്യാസ് ഏജൻസികളിൽ മിന്നൽ പരിശോധന നടത്തുകയും എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയാൽ 2001 ലെ എൽ.പി.ജി. മാർക്കെറ്റിംഗ് ഡിസിപ്ലിൻ ഗൈഡ് ലൈൻസ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുമുണ്ടെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ- ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(സി) ഇതിനായി നടത്തിയ റെയിഡുകൾ പ്രകാരം എത്ര ഏജൻസികളുടെ മേൽ ക്രമക്കേടുകൾ കണ്ടെത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പാചകവാതക വിതരണം സംബന്ധിച്ച് പരാതികൾ ലഭിച്ചതിനെ തുടർന്ന് 2013 ജനുവരി മുതൽ നടത്തിയ റെയ്ഡുകൾ പ്രകാരം 118 ഗ്യാസ് ഏജൻസികളിൽ ക്രമക്കേടുകൾകണ്ടെത്തിയിട്ടുണ്ട്. കണ്ടെത്തിയ ക്രമക്കേടുകൾക്ക് എൽ.പി.ജി. റഗുലേഷൻ ഓർഡർ 2000 പ്രകാരവും, എൽ.പി.ജി. മാർക്കെറ്റിംഗ് ഡിസിപ്ലിൻ ഗൈഡ് ലൈൻസ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ ഗാർഹികാവശ്യത്തിനുള്ള പാചകവാതക വിതരണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

(ഡി) ഗാർഹികാവശ്യത്തിനുള്ള പാചക വാതക വിതരണം കാര്യക്ഷമമാക്കുന്നതിന് വകുപ്പ് തലത്തിൽ പരിശോധനകൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. കൂടാതെ പാചക വാതക വിതരണത്തിലെ അപാകതകൾക്ക് അടിയന്തിര പരിഹാരം കാണുന്നതിനായി എൽ.പി.ജി. കോർഡിനേഷൻ കമ്മിറ്റി ഓപ്പൺ ഫോറം നിലവിലുണ്ട്. എൽ.പി.ജി. ബോട്ടിലിംഗ് പ്ലാന്റുകളിൽ തൊഴിലാളികളുടെ സമരം മൂലവും മറ്റേതെങ്കിലും കാരണങ്ങളാലും വിതരണം തടസ്സപ്പെടുന്ന അവസരങ്ങളിൽ സർക്കാർ തലത്തിൽ ഇടപെടലുകൾ നടത്താറുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് എൽ.പി.ജി. സിലിണ്ടറുകളുടെ വിതരണം തടസ്സം കൂടാതെ നടക്കുന്നുണ്ട് എന്ന് എണ്ണക്കമ്പനികൾ ഉറപ്പുവരുത്തുന്നുണ്ട് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ